**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 - പോത്തൻകോട് ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 10, 11 എന്നീ ഗഡുക്കളായി അനുവദിച്ചതും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം..9206/2019/ധന തീയതി, തിരുവനന്തപുരം., 22 നവംബർ 2019

---

പരാമർശം. 1) പഞ്ചായത്ത് ഡയറക്ടറുടെ 17/06/2019 ലെ കത്ത്.
2) ട്രഷറി ഡയറക്ടറുടെ 05/11/2019-ലെ TRY/12608/2019-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2018-19 സാമ്പത്തിക വർഷം പോത്തൻകോട് ഗ്രാമപഞ്ചായത്തിന് അനുവദിച്ച പൊതുആവശ്യ ഫണ്ടിന്റെ 10,11,12 ഗഡുക്കൾ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകുന്നതിന് കഴക്കൂട്ടം സബ് ട്രഷറിയിൽ ബിൽ ഇ സബ്മിറ്റ് ചെയ്ത് ബിൽ സമർപ്പിച്ചിരുന്നെങ്കിലും പതിനൊന്നാം ഗഡുവിന്റെ തുകയായ 9,05,410 രൂപ യുടെ അലോട്ട്മെന്റ് മാത്രമാണ് ട്രഷറിയിൽ നിന്നും അനുവദിച്ചുനൽകിയതെന്നും ആയതിനാൽ 2018-19 സാമ്പത്തിക വർഷം അനുവദിച്ച ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകണമെന്ന പോത്തൻകോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരിഗണനക്കായി പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

2) പോത്തൻകോട് ഗ്രാമ പഞ്ചായത്ത് 2018-19 വർഷത്തെ പൊതു ആവശ്യ ഫണ്ടിനത്തിൽ ട്രഷറിയിൽ 23/03/2019 ന് സമർപ്പിച്ചിരുന്ന 905406/- രൂപ, 905410/- രൂപ എന്നീ തുകകളുടെ ബിൽ ട്രഷറിയിൽ സ്ക്രൂട്ടിനി ചെയ്തെങ്കിലും പാസ്സാക്കുവാൻ സാധിക്കാത്തതിനാൽ ട്രഷറി ക്യൂവിലേക്ക് മാറ്റിയിരുന്നതായി പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പോത്തൻകോട്

ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ 10,11 എന്നീ ഗഡുക്കളായി അനുവദിച്ചതും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ മൊത്തം തുകയായ **18,10,816/- രൂപ (പതിനെട്ട് ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി പതിനാറ് രൂപ മാത്രം)** 2019-20 വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ '3604-00-200-88-(05)-NP' എന്ന കണക്ക് ശീർഷകത്തിൽ നിന്നും അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, പോത്തൻകോട് ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1250964)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ